## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 708 — 30.06.2011-ൽ മറുപടിയ്ക്ക്

### മലയാളം ഒന്നാം ഭാഷയാക്കാനുള്ള തീരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒന്നാം ഭാഷയാക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇതിനു മുൻപായി അധ്യാപക സംഘടനകളുടെയും വിദഗ്ധരുടെയും അഭിപ്രായം ആരായുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; | (എ) 27.06.11-ലെ സ.ഉ.(പി) 148/11/പൊവി.നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ പത്താം ക്ലാസ്സുവരെ മലയാളം ഒന്നാം ഭാഷയാക്കിയിട്ടുണ്ട്. കന്നട, തമിഴ് എന്നിവ മാതൃഭാഷയായുള്ള ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് അവരവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി പഠിക്കാനുള്ള നിലവിലുള്ള സംവിധാനം തുടരാനും അവർ ഒന്നാം ഭാഷയുടെ രണ്ടാം പേപ്പറായി മലയാളം പഠിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ഓറിയന്റൽ സ്കൂളുകളിലും ഈ സംവിധാനം തുടരുന്നതാണ്. |

(..................2)

(ബി) മലയാള ഭാഷാ പഠനം സംബന്ധിച്ച് ആർ.വി.ജി മേനോൻ കമ്മിറ്റിയുടെ ശുപാർശകൾ എന്തൊക്കെയായിരുന്നു ;

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇതേ തുടർന്ന് മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് തൽക്കാലം നടപ്പാക്കേണ്ടതില്ലെന്ന നിലപാട് ഇപ്പോഴത്തെ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനിടയായ സാഹചര്യം വിശദമാക്കുമോ ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ

ശ്രീ.ആർ.വി.ജി. മേനോൻ അധ്യക്ഷനായ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ

1. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലും മലയാളം നിർബന്ധിത മാക്കണം.
2. 5 മുതൽ 10 വരെ ക്ലാസുകളിൽ ഒന്നാം ഭാഷയ്ക്ക് രണ്ടു പേപ്പറുകൾ ഉണ്ട്. ഒന്നാം പേപ്പറിന് 4 പീരിഡും രണ്ടാം പേപ്പറിന് 2 പീരിഡുമാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. സംസ്കൃതം, അറബിക്, ഉറുദു ഭാഷകൾ പഠിക്കുന്ന കുട്ടികൾ രണ്ടാം പേപ്പർ ആയിട്ടാണ് മലയാളം പഠിക്കുന്നത്. മാതൃഭാഷ പഠിക്കാൻ മതിയായ സമയം ഇവർക്കു കിട്ടുന്നില്ല. അതിനാൽ രണ്ടു പേപ്പറിനും 3 പീരിഡ് വീതം അനുവദിച്ച് പീരിഡ് ഘടനയിൽ മാറ്റം വരുത്തണം.
3. പുതിയ രീതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭാഷാധ്യാപക തസ്തികകൾ തീരുമാനിക്കുന്നതിലെ മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കുകയും അദ്ധ്യാപക തസ്തികകൾ സംരക്ഷിക്കുകയും വേണം.
4. മാതൃഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളപാഠ്യപദ്ധതി ചട്ടക്കൂടിലെ നിർദ്ദേശം പരിഗണിച്ച് രണ്ടാം പേപ്പറിന് അടിസ്ഥാന പാഠാവലി എന്ന പേരിൽ സമഗ്രമായ ഒരു പാഠപുസ്തകം വികസിപ്പിച്ചിട്ടുണ്ട്. അത് സംസ്ഥാന സർക്കാരിന്റെ നേട്ടമായി കണക്കാക്കാം.
5. കന്നഡ, തമിഴ് തുടങ്ങിയ മാതൃഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും കേരള സമൂഹത്തിൽ ജീവിക്കുന്നവർ എന്ന നിലയിൽ മലയാളം പഠിക്കാൻ അവസരം നൽകണം. അതിനായി ഒന്നാം ഭാഷയിലെ രണ്ടാം പേപ്പർ (3 പീരിഡ്) ഈ വിദ്യാർത്ഥികളും പഠിക്കേണ്ടതാണ്.
6. സംസ്കൃതം സ്കൂളുകളിലും അറബിക് സ്കൂളുകളിലും മലയാള പഠനത്തിനുള്ള അവസരം ഉറപ്പുവരുത്തേണ്ടതാണ്. മലയാളത്തിന് 3 പീരിഡ് ഈ സ്കൂളുകളിലും ഏർപ്പെടുത്തണം. എന്നാൽ സംസ്കൃതവും അറബിക് ഗൗരവത്തോടെ പഠിക്കാനുള്ള അവസരം കുറയാനും പാടില്ല.

7. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ താമസമാക്കി സ്കൂൾ വിദ്യാഭ്യാസം നേടുന്നവർക്ക് മലയാളപഠനത്തിന്റെ അടിത്തറ പാകുന്നതിന് പ്രത്യേക പാഠപുസ്തകം തയ്യാറാക്കണം. അവർ ഒന്നാം ഭാഷയായി ഈ പാഠപുസ്തകം പഠിക്കുകയും അതിനെ അടിസ്ഥാനമാക്കി പൊതു പരീക്ഷ എഴുതുകയും വേണം.

8. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിലും ഒരു നിർബന്ധിത വിഷയമായി മലയാളം പഠിപ്പിക്കാൻ നടപടി സ്വീകരിക്കണം.

9. വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠനമാധ്യമം മലയാളമാക്കാൻ നടപടികൾ സ്വീകരിക്കണം. ഇത് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും നടപ്പിലാക്കണം. മറ്റു ബോർഡുകളുടെ അംഗീകാരത്തോടെ നടത്തുന്ന സ്കൂളുകൾ ഈ വ്യവസ്ഥ പാലിച്ചാൽ മാത്രമേ എൻ.ഒ.സി നൽകാൻ പാടുള്ളൂ.

10. വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ നിലവിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷയായി പഠിപ്പിക്കുന്നത്. ഇതിനു പകരം ഇംഗ്ലീഷോ മലയാളമോ തിരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

11. സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി സ്കൂളിലും മലയാളം പഠിക്കാൻ അവസരം ഉണ്ടാവണം.

12. പുതിയ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളത്തിന്റെ സിലബസിൽ ആവശ്യമായ ക്രമീകരണം വരുത്തണം.

സെക്ഷൻ ഓഫീസർ